# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 27 വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

സഹകരണ വകുപ്പുമന്ത്രി
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

## ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ

*571 ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. അജിത്
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജുമായി ബന്ധപ്പെടുത്തി കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ ഏതെല്ലാമാണ് ;

(ബി) ഈ പദ്ധതികളിൽ ഇതുവരെ അനുവാദം ലഭിച്ചവ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) പദ്ധതികളുടെ നിർവ്വഹണത്തിനായി ആവശ്യമായ തുക അനുവദിച്ചിട്ടുള്ളവ ഏതെല്ലാമാണെന്ന് അറിയിക്കാമോ ;

(ഡി) ഇടുക്കി പാക്കേജിന്റെ ഭാഗമായി സംസ്ഥാനത്തിന് അനുവദിക്കുമെന്ന് സമ്മതിച്ചിരുന്ന 'വില സ്ഥിരതാ ഫണ്ട്' അനുവദിച്ചു കിട്ടിയിട്ടുണ്ടോ ; എങ്കിൽ എന്ത് തുക അപ്രകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനതൊഴിലാളികളുടെ പശ്ചാത്തലം</u>

*572 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും തൊഴിൽ തേടി കേരളത്തിൽ എത്തുന്ന തൊഴിലാളികളുടെ കൂടെ അവരുടെ കുടുംബവും എത്തിചേരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം എത്ര തൊഴിലാളികളും അവരുടെ കുടുംബങ്ങളുമാണ് എത്തിച്ചേരുന്നതെന്ന് കൃത്യമായ കണക്കുകൾ ലഭ്യമാണോ; ഇതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുളളതെന്ന് വെളിപ്പെടുത്താമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത തൊഴിലാളികൾ എവിടെയാണ് ജോലി ചെയ്യുന്നത്, അവരുടെ സ്വദേശം, കുടുംബാംഗങ്ങളുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കണമെന്നും പ്രസ്തുത രജിസ്റ്റർ ഒരു സമയക്രമം വച്ച് നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥന് പരിശോധനയ്ക്ക് നൽകണമെന്നും നിർദ്ദേശിക്കുമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ പ്രവർത്തനങ്ങൾ

*573 ശ്രീ. രാജു എബ്രഹാം
,, കെ. സുരേഷ് കുറുപ്പ്
,, സാജു പോൾ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) റബ്ബർ കർഷകർക്കുവേണ്ടി ഫെഡറേഷൻ ഇപ്പോൾ എന്തെല്ലാം സേവനങ്ങളാണ് ചെയ്തുവരുന്നത്;

(സി) ഉല്പാദനമേഖലയിൽ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ഡി) സംസ്ഥാനത്തുല്പാദിപ്പിക്കുന്ന റബ്ബറിന്റെ എത്ര ശതമാനമാണ് ഫെഡറേഷൻ കൈകാര്യം ചെയ്തുവരുന്നത്?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ഗവണ്‍മെന്റ് പ്രസ്സുകളുടെ വികസനം

*574 ശ്രീ. ഷാഫി പറമ്പില്‍
,, പാലോട് രവി
,, സണ്ണി ജോസഫ്
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗവണ്‍മെന്റ് പ്രസ്സുകളുടെ വികസനത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) അച്ചടിമേഖലയിലെ പുതിയ സാങ്കേതിക വിദ്യകള്‍ ഗവണ്‍മെന്റ് പ്രസ്സുകള്‍ക്കും ബാധകമാക്കുന്നകാര്യം പരിഗണിക്കുമോ ;

(സി) എങ്കില്‍ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ദൃശ്യമാധ്യമങ്ങളിലെ കരാർ തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

*575 ശ്രീ. വി. ചെന്താമരാക്ഷൻ
,, കോടിയേരി ബാലകൃഷ്ണൻ
,, ജി. സുധാകരൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദൃശ്യമാധ്യമങ്ങളിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ തൊഴിൽ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വനിതകളുടെ സുരക്ഷിതത്വവും മാന്യമായ വേതനവും ഉറപ്പുവരുത്താറുണ്ടോ;

(സി) ഇതു സംബന്ധിച്ച് ലേബർ കമ്മീഷന് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സുരക്ഷ</u>

*576 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ ജോലിക്കിടെ സുരക്ഷാ വീഴ്ചമൂലം തൊഴിലാളികൾ അപകടത്തിൽപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) ഇങ്ങനെ അപകടത്തിൽപ്പെടുന്ന തൊഴിലാളികളുടെ സുരക്ഷയ്ക്ക് എന്തു നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്;

(സി) ഇവർക്ക് ഇപ്രകാരം മരണം സംഭവിച്ചാൽ ജോലിക്കു നിയോഗിക്കുന്ന തൊഴിലുടമകൾക്കെതിരെ നരഹത്യയ്ക്ക് കേസ്സ് എടുക്കാൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ

# 27.10.2011-ലെ മറുപടിക്ക്

<u>നോർക്ക റൂട്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി</u>

*577 ശ്രീ. എം□. പി. വിൻസെന്റ്
'' കെ. അച്ചുതൻ
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടുവരുന്നത്;

(ബി) ഏതെല്ലാം അറ്റസ്റ്റേഷനുകളാണ് ഇപ്പോൾ നടത്തിവരുന്നത്;

(സി) പ്രവാസികൾക്കായുള്ള എല്ലാ സാക്ഷ്യപ്പെടുത്തലുകളും നോർക്ക വഴി നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സ്വകാര്യ ഏജൻസികൾ ലഭ്യമാക്കുന്ന എല്ലാ എംബസി അറ്റസ്റ്റേഷനും നോർക്ക റൂട്സ് വഴി ചെയ്യാനുള്ള സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം

*578 ശ്രീ. സി. മമ്മൂട്ടി
'' എം. പി. അബ്ദുസ്സമദ് സമദാനി
,, കെ. മുഹമ്മദുണ്ണി ഹാജി
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനത്തിനു നടപ്പാക്കിവരുന്ന ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം, ഇതുവരെയുള്ള പ്രവർത്തന പരിചയത്തിന്റെ വെളിച്ചത്തിൽ പരിഷ്ക്കരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) 2009-10, 2010-11 എന്നീ രണ്ട് വർഷങ്ങളിൽഈ പദ്ധതിയുടെ പ്രവർത്തന ലക്ഷ്യം എന്തായിരുന്നു എന്ന് വിശദമാക്കുമോ; കൈവരിച്ച നേട്ടങ്ങളുടെ വിശദവിവരം നല്കുമോ;

(സി) നടപ്പു വർഷത്തേക്ക് വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യമെന്താണെന്നും ലക്ഷ്യം നേടുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(എ) ഗ്രൂപ്പ് ഫാമിംഗ് സമിതികൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്നും, നിലവിൽ പ്രവർത്തനക്ഷമമായ എത്ര സമിതികളുണ്ടെന്നും എത്ര ഹെക്ടർ സ്ഥലം അവർക്ക് ലഭ്യമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>എൻഡോ സൾഫാൻ നിരോധനം</u>

*579 ശ്രീ. ഇ. ചന്ദ്രശേഖരൻ
'' വി.എസ്. സുനിൽകുമാർ
'' കെ. രാജു
ശ്രീമതി. ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ നിരോധിക്കേണ്ടതില്ലെന്ന് കേന്ദ്ര സർക്കാർ സുപ്രീം കോടതിയെ അറിയിച്ചിട്ടുള്ളതായി അറിവുണ്ടോ;

(ബി) എങ്കിൽ ഈ നിലപാടിനെതിരെ കേരള സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ക്ഷേമനിധികളുടെ പ്രവർത്തനം ഏകീകരിക്കുന്നതിന് നടപടി</u>

*580 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമനിധികളെക്കുറിച്ച് പഠിക്കുന്നതിനും മാർഗ്ഗരേഖ നൽകുന്നതിനുമായി ഏതെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ ക്ഷേമനിധികളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും അതുവഴി മെച്ചപ്പെട്ട ആനുകൂല്യം അംഗങ്ങൾക്ക് നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കാര്‍ഷിക വായ്പകള്‍</u>

*581 ശ്രീ. റ്റി. യു. കുരുവിള
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ ബാങ്കുകള്‍/സംഘങ്ങള്‍ എന്നിവ മുഖേന നല്‍കുന്ന കാര്‍ഷിക വായ്പകള്‍ കൃഷി ആവശ്യത്തിന് തന്നെ ഉപയോഗിക്കുന്നുണ്ടന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുളള നടപടികള്‍ വിശദമാക്കാമോ;

(ബി) കര്‍ഷകര്‍ക്കായി പ്രാഥമിക കാര്‍ഷിക സംഘങ്ങളും ഗ്രാമവികസന ബാങ്കുകളും എന്തെല്ലാം വായ്പാ സൗകര്യങ്ങളാണ് നല്‍കിവരുന്നതെന്നു വിശദമാക്കാമോ;

(സി) സഹകരണ ബാങ്കുകളില്‍ നിന്നും വായ്പ എടുത്ത് ജപ്തി നടപടികള്‍ നേരിടുന്ന ദുര്‍ബലവിഭാഗങ്ങളെ അതില്‍ നിന്നും ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികള്‍ വിശദമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>മള്‍ട്ടി പര്‍പ്പസ് ജോബ് ക്ലബ്ബുകള്‍</u>

*582 ശ്രീ. എ. റ്റി. ജോര്‍ജ്
'' ഹൈബി ഈഡന്‍
'' ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മള്‍ട്ടി പര്‍പ്പസ് ജോബ് ക്ലബ്ബുകളുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവര്‍ത്തന രീതിയും എന്തൊക്കെയാണ് ;

(ബി) പ്രസ്തുത ക്ലബ്ബുകളുടെ രൂപീകരണ രീതി എപ്രകാരമാണ് ;

(സി) ക്ലബ്ബുകള്‍ക്ക് എന്തെല്ലാം സംരംഭക പരിശീലനമാണ് നല്‍കി വരുന്നത് ;

(ഡി) പ്രസ്തുത ക്ലബ്ബുകള്‍ക്ക് സാമ്പത്തിക സഹായം നല്‍കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ആസൂത്രണ ബോർഡ് പുന:സംഘടിപ്പിക്കുന്നതിന് നടപടി

*583 ഡോ. കെ. ടി. ജലീൽ
ശ്രീ.എം. എ. ബേബി
,, എം. ഹംസ
'' ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ ബോർഡ് പുനസംഘടിപ്പിച്ചിട്ടുണ്ടോ ; അംഗങ്ങൾ ആരൊക്കെയാണ് ;

(ബി) ആസൂത്രണ ബോർഡിന്റെ പ്രവർത്തനങ്ങളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ; ഇതിനായി എന്തെങ്കിലും ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ ;

(സി) ബോർഡിലെ ഐ. ടി. കൺസൾട്ടന്റ് നിയമനവുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് മന്ത്രിയിൽ നിന്നും ലഭിച്ച നിർദ്ദേശം എന്തായിരുന്നു ; നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>നവര നെൽ കൃഷി ആരംഭിക്കാൻ നടപടി</u>

*584 ശ്രീ. അൻവർ സാദത്ത്
'' വി. റ്റി. ബൽറാം
,, പി. എ. മാധവൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലുല്പാദനം കുറയുന്ന സാഹചര്യത്തിൽ തനത് നെല്ലിനമായ നവരയുടെ കൃഷി സംസ്ഥാനത്ത് ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) തരിശായി കിടക്കുന്ന ഭൂമിയിൽ പ്രസ്തുത കൃഷി ചെയ്യാൻ നടപടി എടുക്കുമോ;

(സി) എങ്കിൽ ഇതിനായി ഒരു പദ്ധതിക്ക് രൂപം നൽകുമോ;

(ഡി) ഈ പദ്ധതിയെക്കുറിച്ച് ആസൂത്രണ ബോർഡുമായി ചർച്ച ചെയ്യുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവര്‍ത്തനം

*585 ശ്രീ. ജോസഫ് വാഴക്കന്‍
,, എ. റ്റി. ജോര്‍ജ്
,, ഐ. സി. ബാലകൃഷ്ണന്‍
,, എ. പി. അബ്ദുളളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

(ബി) പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥര്‍ക്കായി കാലോചിതമായ പരിശീലന പരിപാടികള്‍ സംഘടിപ്പിക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ;

(സി) വകുപ്പിന്റെ അധീനതയിലുള്ള ലബോറട്ടറികള്‍ നവീകരിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുളള ഉപകരണങ്ങള്‍ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇവിടെ സ്പാര്‍ക്ക് സംവിധാനം ഫലപ്രദമായി വിനിയോഗിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>വ്യത്യസ്ത ചികിത്സാരീതികൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി</u>

O*586 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ആരോഗ്യ സംരക്ഷണ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പു സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ആയൂർവേദ, ഹോമിയോ, യുനാനി വിഭാഗങ്ങൾ ഉൾപ്പെടുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വിഭാഗങ്ങളെ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണങ്ങളെന്താണെന്ന് വിശദമാക്കുമോ;

(ഡി) വ്യത്യസ്ത ചികിത്സാ രീതികൾ ആരോഗ്യ സംരക്ഷണത്തിന് അംഗീകരിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, ആയുർവേദ, സിദ്ധ, ഹോമിയോ, യുനാനി വിഭാഗങ്ങളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ഖാദി മേഖലയ്ക്ക് അനുവദിക്കുന്ന പണത്തിന്റെ ശരിയായ വിനിയോഗം</u>

*587 ശ്രീ. കെ. അച്ചുതൻ
'' സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയ്ക്ക് അനുവദിക്കുന്ന പണം ശരിയായി വിനിയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഈ മേഖലയുടെ നവീകരണത്തിനും തൊഴിലാളി ക്ഷേമ പദ്ധതികൾക്കും ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ഡി) ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>എമിഗ്രേഷൻ നടപടിക്രമങ്ങളെക്കുറിച്ച് ബോധവൽക്കരണം</u>

*588 ശ്രീ. വി.ഡി. സതീശൻ
'' വർക്കല കഹാർ
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ പരിശോധന എന്നിവ തടയുന്നതിന് എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് നോർക്ക റൂട്ട്സ് നടപ്പിലാക്കിവരുന്നത് ;

(ബി) ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിന് അച്ചടി/റേഡിയോ പരസ്യങ്ങൾ, ഹോർഡിങ്ങുകൾ എന്നിവ മുഖേന എമിഗ്രേഷൻ പ്രക്രിയയുടെ നടപടിക്രമങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുമോ ;

(സി) നിയമാനുസൃതമല്ലാതെ വിദേശത്ത് കുടിയേറുന്നതിന്റെ അപകടസാധ്യതയെക്കുറിച്ച് മുന്നറിയിപ്പു നൽകുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>നബാർഡ് പുനർവായ്പാ പദ്ധതി</u>

*589 ശ്രീ. എളമരം കരീം
,, എം. എ. ബേബി
,, പി. ശ്രീരാമകൃഷ്ണൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ നബാർഡിന്റെ പുനർവായ്പ വിതരണം കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിനുള്ള മുഖ്യകാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പുനർവായ്പാ വ്യവസ്ഥകൾ വിശദമാക്കാമോ ;

(ഡി) ഇതിൽ സംസ്ഥാന താല്പര്യത്തിന് യോജിക്കാത്ത എന്തെങ്കിലും വ്യവസ്ഥയുണ്ടോ ;

(ഇ) അത്തരം വ്യവസ്ഥകൾ മാറ്റി കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച വിശദാംശം

*590 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്ത് കേരളത്തിൽ ഏതെല്ലാം മേഖലകളിലാണ് പ്രാധാന്യം നൽകാൻ ഉദ്ദേശിക്കുന്നത് ;

(ബി) വിശദാംശം വ്യക്തമാക്കുമോ ;

(സി) കൈത്തറി, കയർ, മത്സ്യബന്ധനം തുടങ്ങിയ പരമ്പരാഗത തൊഴിൽ മേഖലകളുടെ വികസനത്തെ ലക്ഷ്യം വച്ച് ഒരു പാക്കേജ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പിലാക്കുവാൻ മുൻകൈയെടുക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

കേര സുരക്ഷ

*591 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങുകയറ്റം തൊഴിലാക്കിയിട്ടുള്ളവർക്കായി നാളികേര വികസന ബോർഡ് കേരസുരക്ഷ എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതലാണ് പദ്ധതി പ്രവർത്തനമാരംഭിച്ചത്;

(സി) ഇതിലെ അംഗത്വത്തിനുള്ള പ്രായപരിധി വ്യക്തമാക്കുമോ;

(ഡി) ഒരു വർഷത്തെ ഇൻഷ്വറൻസ് പോളിസിയുടെ പ്രീമിയം എത്ര രൂപയാണ്; ഇതിൽ നാളികേര ബോർഡിന്റെ വിഹിതമെത്ര;

(ഇ) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതുപ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(എഫ്) ഇൻഷ്വറൻസ് പോളിസിപ്രകാരം ലഭിക്കാവുന്ന പരമാവധി ആനുകൂല്യം എത്രരൂപ ആണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ഭക്ഷ്യ സുരക്ഷാ പദ്ധതി</u>

*592 ശ്രീ. എന്‍. ഷംസുദ്ദീന്‍
'' മഞ്ഞളാംകുഴി അലി
,, പി ബി അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷ്യ സുരക്ഷാ പദ്ധതിയിന്‍ കീഴില്‍ നടപ്പുവര്‍ഷം ഏറ്റെടുക്കാന്‍ ഉദ്ദേശിക്കുന്ന പ്രോജക്ടുകളെക്കുറിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രോജക്ടുകളിലൂടെ ലക്ഷ്യമിടുന്ന ഉല്പാദന വര്‍ദ്ധനയും, അത് ഏതെല്ലാം മേഖലയില്‍ നിന്നാണെന്നതും സംബന്ധിച്ച വിശദവിവരം നല്‍കാമോ;

(സി) കരകൃഷിവികസനത്തില്‍ ഏതെല്ലാം വിളകളെയാണ് ഉള്‍പ്പെടുത്തിയിട്ടുള്ളത്;

(ഡി) വനിതകളുടെ, പ്രത്യേകിച്ച് ഗ്രാമവാസികളുടെ, അദ്ധ്വാനശേഷി ഏതെല്ലാം വിധത്തില്‍ ഈ പദ്ധതിക്ക് പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(ഇ) കഴിഞ്ഞ വര്‍ഷം ഈ പദ്ധതിക്ക് എന്തു തുക നീക്കി വച്ചു എന്നും, എന്തു തുക ചെലവഴിച്ചു എന്നും, നേടിയ ലക്ഷ്യമെന്താണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>നെൽകർഷകർക്ക് ആശ്വാസ പദ്ധതി</u>

*593 ശ്രീ. പി. സി. വിഷ്ണുനാഥ്
'' വി. റ്റി. ബൽറാം
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലകൾ വഴി നെൽകർഷകർക്ക് എന്തെല്ലാം ആശ്വാസ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ബി) സഹകരണ സംഘങ്ങൾ വഴി കാർഷിക വായ്പ നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) ഏതെല്ലാം സഹകരണ സംഘങ്ങൾ വഴിയാണ് കാർഷിക വായ്പ നൽകാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഇപ്രകാരം നൽകുന്ന വായ്പകളുടെ പലിശ പൂർണ്ണമായി ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ഖാദി ബോര്‍ഡിന് സാമ്പത്തിക സഹായം

*594 ശ്രീ. കെ. കുഞ്ഞിരാമന്‍(തൃക്കരിപ്പൂര്‍)
'' എളമരം കരീം
,, വി. ശിവന്‍കുട്ടി
,, പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഖാദിബോര്‍ഡ് ഏതെല്ലാം സ്ഥാപനങ്ങളില്‍ നിന്നുള്ള സാമ്പത്തിക സഹായങ്ങള്‍ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് പ്രവര്‍ത്തിക്കുന്നത് ;

(ബി) ഈ വര്‍ഷം നടപ്പിലാക്കുന്ന പ്രവര്‍ത്തനങ്ങള്‍ക്ക് സംസ്ഥാന സര്‍ക്കാരില്‍ നിന്നും ഖാദി കമ്മിഷനില്‍ നിന്നും പ്രതീക്ഷിക്കുന്ന സാമ്പത്തിക സഹായം എത്രയാണ് ; മുന്‍ വര്‍ഷം അത് എത്രയായിരുന്നു ;

(സി) ഈ വര്‍ഷം എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും ഇതിനകം എത്ര ശതമാനം തുക ഇതിനായി ചെലവായിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ശുശ്രൂഷ ക്ലിനിക്കൽ ലാബുകൾ</u>

*595 ശ്രീ. റ്റി. എൻ. പ്രതാപൻ
'' കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ ചെലവിൽ ക്ലിനിക്കൽ ലബോറട്ടറി പരിശോധനകൾ നടത്തുന്നതിന് കൺസ്യൂമർഫെഡ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി ശുശ്രൂഷ ക്ലിനിക്കൽ ലാബുകൾ തുടങ്ങുവാൻ നടപടി എടുക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എവിടെയൊക്കെയാണ് ഇത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) എല്ലാ താലൂക്കുകളിലും ഇതു വ്യാപിപ്പിക്കുമോ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

<u>ഭൂവിനിയോഗ ബോർഡ് പുന:സംഘടന</u>

*596 ശ്രീ. എം. ഉമ്മർ
'' റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കാലാനുസൃതമാറ്റങ്ങൾക്കനുസരിച്ചുള്ള പുതിയ കാഴ്ചപ്പാട് സ്വീകരിക്കുന്നതിന്റെയും ഭാഗമായി ബോർഡിനെ പുന:സംഘടിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) സംസ്ഥാനത്തിന്റെ സമസ്തവികസനത്തിനും പരിസ്ഥിതി നിലനിർത്തുന്നതിനും ഉപയുക്തമായ വിധം ഭൂവിനിയോഗം എങ്ങിനെയായിരിക്കണമെന്നതു സംബന്ധിച്ച ബോർഡിന്റെ കാഴ്ചപ്പാട് വിശദമാക്കുമോ ;

(സി) കാർഷിക ഭൂമിയുടെ കൺവെർഷനും തരിശിടലും മൂലമുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് ബോർഡ് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ഡി) രൂക്ഷമായിക്കൊണ്ടിരിക്കുന്ന പാർപ്പിടപ്രശ്നം ഭൂവിനിയോഗത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ സൈറ്റുകള്‍ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാന്‍ സുരക്ഷാ ഓഡിറ്റിംഗ്</u>

ഠ*597 ശ്രീ.ബെന്നി ബെഹനാന്‍
,, എം. എ. വാഹീദ്
,, വി. റ്റി. ബല്‍റാം
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെ വിവിധ വെബ്സൈറ്റുകളിലേക്ക് നുഴഞ്ഞുകയറ്റം നടത്തി സൈറ്റുകള്‍ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുവാനായി എന്തെല്ലാം നടപടികളാണ് സൈബര്‍സെല്ലുകള്‍ എടുത്തിട്ടുള്ളത് ;

(സി) സൈറ്റുകള്‍ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാന്‍ സുരക്ഷാ ഓഡിറ്റിംഗ് സംവിധാനം ഏര്‍പ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

തൊഴിലധിഷ്ഠിത സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായം

*598 ശ്രീ. പി. ബി. അബ്ദുൾ റസാക്
'' മഞ്ഞളാംകുഴി അലി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത സഹകരണ സ്ഥാപനങ്ങൾക്കു സഹായം നൽകുന്നതിനുള്ള നടപ്പു വർഷത്തെ പദ്ധതിയുടെ രൂപരേഖയുടെ വിശദവിവരം നല്കാമോ ;

(ബി) ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ ;

(സി) 2010-2011 വർഷം പ്രസ്തുത പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗക്രമവും തുകയും സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ഡി) സാഹിത്യ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ഏതൊക്കെ സഹകരണ സംഘങ്ങൾക്ക് സഹായം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഇ) പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങൾക്ക് സഹായം ലഭ്യമാകാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻ കരുതലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിന്റെ അപാകതകൾ</u>

*599 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ അപാകതകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) ഇതിനായി ഇതുവരെ ചെയ്ത കാര്യങ്ങളും ഇനി ചെയ്യേണ്ട കാര്യങ്ങളും ഡോ. എം.എസ് സ്വാമിനാഥനുമായി ചർച്ച ചെയ്യാൻ തയ്യാറാകുമോ ;

(സി) വിവിധ വകുപ്പുകളുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതി/പട്ടികവര്‍ഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം</u>

*600 ശ്രീ. എസ്. രാജേന്ദ്രന്‍
'' കെ. വി. വിജയദാസ്
ഡോ. കെ. ടി. ജലീല്‍
ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി/പട്ടികവര്‍ഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള പദ്ധതിക്ക് ബഡ്ജറ്റില്‍ എന്തു തുക വകയിരുത്തിയിട്ടുണ്ട് ; പ്രസ്തുത തുക പരിമിതമാണെന്ന് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഈ മേഖലയില്‍ എത്ര സഹകരണ സംഘങ്ങള്‍ ഉണ്ട് ;

(സി) ഈ വര്‍ഷം എത്ര സംഘങ്ങളെ ഈ പദ്ധതി പ്രകാരം സഹായിക്കാന്‍ സാദ്ധ്യമാകും ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജന്‍,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബര്‍ 16.

"T" ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.